# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 6, ചൊവ്വ

**നമ്പർ 108**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

കേസ് നടത്തിപ്പിലെ അനാസ്ഥമൂലം പൊന്തൻപുഴ റിസർവ് വനം സ്വകാര്യവനമായി ഹൈക്കോടതി പ്രഖ്യാപിച്ചതിനെത്തുടർന്ന് വനത്തിന്മേലുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെടുന്ന സാഹചര്യത്തിലും വനമേഖലയുടെ സമീപത്തുള്ള കർഷകർ കുടിയിറക്ക് ഭീഷണി നേരിടുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. എം. മാണി ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് നെല്ല് സംഭരണത്തിൽ അനുഭവപ്പെടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. വി. വിജയദാസ് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കരട് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിലെ അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. വിൻസെന്റ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 590/2018 (i).

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഏഴുപുന്ന പഞ്ചായത്തിലെ കുമാരപുരം വാർഡിലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എം. ആരിഫ് | | |
| 3 | ശ്രീ. റ്റി. വി. രാജേഷ് | ഇരിണാവിലെ കോസ്റ്റ് ഗാർഡ് അക്കാദമി | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | അന്യായമായ ജപ്തി നടപടികൾ | മുഖ്യമന്ത്രി |
| 5 | ശ്രീ. കെ. കുഞ്ഞിരാമൻ | ജാഷിം എന്ന വിദ്യാർത്ഥി യുടെ മരണം അന്വേഷിക്കുന്നത് | മുഖ്യമന്ത്രി |
| 6 | ശ്രീ. പി. ടി. തോമസ് | ആദിവാസി നയം പ്രഖ്യാപിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. ജോർജ് | എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അനുവദിക്കുന്ന തുകയുടെ വിനിയോഗം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 8 | ശ്രീ. അൻവർ സാദത്ത് | മുദ്രപ്പത്രങ്ങളുടെ ലഭ്യത | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. എസ്. ശിവകുമാർ | വള്ളക്കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ചിറ്റയം ഗോപകുമാർ | അടൂരിൽ ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | ശ്രീ. എം. നൗഷാദ് | കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്വതന്ത്ര സ്ഥാപനമാക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 12 | ശ്രീ. എസ്. ശർമ്മ | വഴിയോര കച്ചവടക്കാരുടെ സംരക്ഷണം | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം:

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചു. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ യഥാക്രമം സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തു വച്ചു

V-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 6, 9, 11, 12, 17, 21, 22, 23 എന്നീ ഖണ്ഡനോപക്ഷേപങ്ങളും VI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 4, 7, 8, 11, 12, 13, 16, 17, 19, 22, 24, 25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 8, 11, 15, 19 എന്നീ

ഖണ്ഡനോപക്ഷേപങ്ങളും XXI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 4, 9, 11, 12, 17, 18, 21, 22 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 4, 5, 6, 7, 10, 14, 19, 21, 23 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. ഡി.പ്രസേനൻ

ശ്രീ. അനിൽ അക്കര

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. എം. നൗഷാദ്

ശ്രീ. കെ. എം. മാണി

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. പി. സി.ജോർജ്

ശ്രീ. സി. കെ.ഹരീന്ദ്രൻ

ശ്രീ. എം. വിൻസെന്റ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. അടൂർ പ്രകാശ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ V, VI, XI, XXI, XXVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2018 മാർച്ച് 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.44-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN–PART I

( Brief Record of Proceedings )

*Tuesday, March 6, 2018*

**No. 108**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Forest, Animal Husbandry and Zoos, the Speaker withheld consent to the moving of an adjournment motion given notice of by Shri K. M. Mani regarding the serious situation reported to have arisen due to the Government losing to ownership of the Ponthampuzha reserve forest consequent to the failure of the Forest Department in conducting the reserve forest case in High Court which lead to the verdict of the Court declaring the land as private forest and due to the threat of eviction faced by farmers settled around the Ponthampuzha forest.

In protest against the attitude of the Government in this matter the Members belonging to opposition staged a walk out.

*Calling Attention:*

1. Shri K. V. Vijayadas called the attention of the Minister for Food and Civil Supplies to the necessity to solve the crisis experienced in paddy procurement in the State. The Minister made a statement thereto.
2. Shri M. Vincent called the attention of the Chief Minister to the necessity to rectify the inaccuracies in the draft Coastal Zone Management Plan. The Chief Minister made a statement thereto.

KNPP. 590/2018 (ii).

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ.രമേശ് ചെന്നിത്തല | ഏഴുപുന്ന പഞ്ചായത്തിലെ കുമാരപുരം വാർഡിലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എം. ആരിഫ് | | |
| 3 | ശ്രീ. റ്റി. വി. രാജേഷ് | ഇരിണാവിലെ കോസ്റ്റ് ഗാർഡ് അക്കാദമി | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | അന്യായമായ ജപ്തി നടപടികൾ | മുഖ്യമന്ത്രി |
| 5 | ശ്രീ. കെ. കുഞ്ഞിരാമൻ | ജാഷിം എന്ന വിദ്യാർത്ഥിയുടെ മരണം അന്വേഷിക്കുന്നത് | മുഖ്യമന്ത്രി |
| 6 | ശ്രീ. പി. ടി. തോമസ് | ആദിവാസി നയം പ്രഖ്യാപിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. ജോർജ് | എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അനുവദിക്കുന്ന തുകയുടെ വിനിയോഗം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 8 | ശ്രീ. അൻവർ സാദത്ത് | മുദ്രപ്പത്രങ്ങളുടെ ലഭ്യത | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. വി. എസ്. ശിവകുമാർ | വള്ളക്കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ചിറ്റയം ഗോപകുമാർ | അടൂരിൽ ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. നൗഷാദ് | കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്വതന്ത്ര സ്ഥാപനമാക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 12 | ശ്രീ. എസ്. ശർമ്മ | വഴിയോര കച്ചവടക്കാരുടെ സംരക്ഷണം | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2018-2019</u>

DR. T. M. Thomas Isaac, Minister for Finance and Coir moved Demand No. V—Goods and Service Tax, Agricultural Income Tax and Sales Tax for the amount shown against it under column number 5 in the list of Demands for Grants. Shri E. Chandrasekharan, Minister for Revenue and Housing moved Demand Nos. VI—Land Revenue, XI—District Administartion and Miscellaneous, XXI—Housing and XXVI—Relief on Account of Natural Calamities for the amounts shown respectively against them under column number 5 in the list of Demands for Grants.

The Minister for Finance and Coir laid on the table statements under Rule 236 (3) with regard to these Demands.

The cut motion nos. 1, 5, 6, 9, 11, 12, 17, 21, 22 and 23 in the list of cut motions for Demand No.V, cut motion nos. 1, 4, 7, 8, 11, 12, 13, 16, 17, 19, 22, 24 and 25 in the list of cut motions for Demand No.VI, cut motion nos. 2, 3, 4, 5, 8, 11, 15 and 19 in the list of cut motions for Demand No.XI, cut motion nos. 2, 4, 9, 11, 12, 17, 18, 21 and 22 in the list of cut motions for Demand No.XXI and cut motion nos. 1, 4, 5, 6,7, 10, 14, 19, 21 and 23 in the list of cut motions for Demand No. XXVI were moved.

The following Members took part in the discussion:

Shri K. D. Prasenan

Shri Anil Akkara

Shri R. Ramachandran

Shri C. Mammutty

Shri M. Noushad

Shri K. M. Mani

Shri S. Rajendran

Shri P. C. George

Shri C. K. Hareendran

Shri M. Vincent

Shri Mullakkara Retnakaran

Shri T. V. Ibrahim

Shri George M. Thomas

Shri Adoor Prakash.

DR. T. M. Thomas Isaac, Minister for Finance and Coir and Shri E. Chandrasekharan, Minister for Revenue and Housing replied to the points raised during the discussion. The cut motions were declared lost. Then the Demand No. V, VI, XI, XXI and XXVI were put to vote and passed.

The House adjourned at 3.44 p.m. to meet again at 8.30 a.m. on Wednesday, March 7, 2018.

V. K. BABU PRAKASH,
*Secretary.*